# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4419

25.10.2016-ൽ
മറുപടിയ്ക്ക്

## മെഡി പാർക്ക്

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| എ) കേരളത്തിൽ മെഡിക്കൽ ഉപകരണങ്ങളുടെ ഉൽപ്പാദനത്തിനു വേണ്ടി മെഡി പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ;<br><br>ബി) ഇതിലേക്കായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം തേടുമോയെന്ന് അറിയിക്കാമോ? | എ)<br>&<br>ബി) | കേരളത്തിൽ മെഡിക്കൽ ഉപകരണങ്ങളുടെ ഉൽപ്പാദനത്തിനും, മരുന്നു നിർമ്മാണത്തിനും, ഗവേഷണത്തിനു മായി ഒരു ഫാർമ പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം സംസ്ഥാന സർക്കാർ ലഭ്യമാക്കിയാൽ കേന്ദ്ര സർക്കാർ പ്രസ്തുത പാർക്ക് സ്ഥാപിക്കുമെന്ന് പ്രസ്താവിച്ചിരുന്നു. ഇതു പ്രകാരം കൊച്ചിയിലെ ഫാക്ടിന്റെ കൈവശമുള്ള ഉപയോഗശൂന്യമായ 300 ഏക്കർ സ്ഥലം ഫാർമ പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കു വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ഈ ആവശ്യത്തിനായി അനുമതി ലഭ്യമായാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ